26887
16/12/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ പ്രദീപ്. ആർ.എസ് ന് ഓഫീസ് ഇതര സമയങ്ങളിൽ ഔദ്യാഗിക കൃത്യനിർവ്വഹണത്തെ ബാധിക്കാതെയും പ്രതിഫലം കൈപ്പറ്റാതെയും ഹോമിയോപതി പ്രാക്ടീസ് നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ )നം. 3992/2017/തസ്വഭവ          തീയതി.തിരുവനന്തപുരം, 12.12.2017

---

പരാമർശം : 1. ശ്രീ. പ്രദീപ്. ആർ.എസ് ന്റെ 17.04.2017 ലെ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2017 ലെ ഇ 5-14479-17 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. പ്രദീപ്. ആർ.എസ് ന് ഓഫീസ് ഇതര സമയങ്ങളിൽ ഔദ്യാഗിക കൃത്യനിർവ്വഹണത്തെ ബാധിക്കാതെയും പ്രതിഫലം കൈപ്പറ്റാതെയും ഹോമിയോപതി പ്രാക്ടീസ് നടത്തുന്നതിന് അനുമതിയ്ക്കായി പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ വ്യാപാരം, വ്യവസായം, മറ്റ് തൊഴിലുകൾ എന്നിവയിൽ നേരിട്ടോ പരോക്ഷമായോ സർക്കാർ ജീവനക്കാരാരും തന്നെ ഏർപ്പെടാൻ പാടില്ലാത്തതാണ്. ഈ ചട്ടത്തിന്റെ ഒന്നാം പ്രൊവിസോ പ്രകാരം കലാ, സാഹിത്യ, സാംസ്കാരിക, ശാസ്ത്ര രംഗങ്ങളിൽ പ്രതിഫലം പറ്റാതെയും ഔദ്യാഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് അനുവാദം ഉണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്നപക്ഷം അത്തരം പ്രവർത്തനങ്ങളിൽ തുടരാതിരിക്കേണ്ടതുമാണ്. പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്ത് വരുന്ന ശ്രീ പ്രദീപ്. ആർ.എസ് ന് പ്രൊഫഷണൽ ഡിഗ്രിയും രജിസ്ട്രേഷനുമുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. പ്രദീപ്. ആർ.എസ് ന് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും പ്രതിഫലം പറ്റാതെയും സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം അത്തരം പ്രവർത്തനങ്ങളിൽ തുടരാതിരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ ഹോമിയോപ്പതി പ്രാക്ടീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്. വി.പി**
**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ. പ്രദീപ്. ആർ.എസ്, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഉദ്യാഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ( 05.07.2017 ലെ 132/ബി2/2017/ഉഭപവ നമ്പർ കുറിപ്പ്).
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(13.11.2017 ലെ 313/ബി3/2017/ആയുഷ് നമ്പർ കുറിപ്പ്).
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD).
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(162/ഇപിഎ 1/2017/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ